സാദ്ധ്യത അട്ടപ്പാടി പ്രദേശത്താണ് കണ്ടത്. അത് ചെയ്യാൻവേണ്ടിയുള്ള ചില ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. പിന്നെ അങ്ങ് പറഞ്ഞു കശുവണ്ടിയുടെ തോടിൽനിന്നൊക്കെ എനർജി എടുക്കാനുള്ള ശ്രമം നടക്കുന്നുണ്ടെന്ന്. തിരമാലകളുടെ കാര്യത്തിൽ നമുക്ക് പണ്ടേ ഒരു യൂണിറ്റ് ഉണ്ട്. അത്തരത്തിലുള്ള കാര്യങ്ങളൊക്കെ പരിശോധിച്ച് അത് പരമാവധി പ്രോൽസാഹിപ്പിക്കാനുള്ള നടപടി കൈക്കൊണ്ടുവരികയാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് ലോകത്ത് വിവിധ തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. Raw Materials ന്റെ വില വർദ്ധനവുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞ സന്ദർഭത്തിൽ കണ്ണൂർ പവർ പ്രോജക്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി ഇത് ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം ആണ് നഗര ശുചീകരണവുമായി ബന്ധപ്പെട്ടത്. മുമ്പ് ഗവേഷണപരമായ രീതിയിൽ ഊർജ്ജം ഉത്പാദിപ്പിക്കുന്നതിന്, ഇലക്ട്രിസിറ്റി ഉത്പാദിപ്പിക്കുന്നതിന് solid waste ഉപയോഗിക്കാൻ സാധിക്കുമെന്നും അതിനെ അടിസ്ഥാനപ്പെടുത്തി കണ്ണൂർ ജില്ലയിൽ ഒരു പദ്ധതി സ്ഥാപിക്കാൻ ആവശ്യമായ ശ്രമം നടത്തുമെന്നും പരീക്ഷണാർത്ഥത്തിൽ ആ രീതിയിൽ ഇലക്ട്രിസിറ്റി ഉത്പാദിപ്പിക്കാൻ സാധിക്കുമെന്ന് തീരുമാനിക്കപ്പെട്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലുള്ള നിലപാട് സ്വീകരിക്കാൻ തയ്യാറാവുമോ? ശുചിത്വത്തിന്റെ ഭാഗമായി കേരളത്തെ രക്ഷിക്കാനും അതുപോലെ തന്നെ ഇലക്ട്രിസിറ്റി ഉത്പാദിപ്പിക്കാനും സാധിക്കും. ഇത് solid waste ഉപയോഗിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണ്. അങ്ങനെ ഒരു പദ്ധതിക്ക് രൂപം നൽകാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇത് നടക്കുന്ന കാര്യമാണ്; ഇത് കേരളത്തിൽ എത്രമാത്രം നടത്താൻ സാധിക്കും എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം; പ്രത്യേകിച്ച് സിറ്റിയുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ അവിടെയാണ് വേസ്റ്റ് വരുന്നത് അത് എത്രമാത്രം ചെയ്യാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് ബോർഡും ഗവൺമെന്റും ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

വൈദ്യുതി ബോർഡിലെ മെറ്റീരിയൽ മാനേജ്മെന്റ്

2. (*206) ശ്രീ മത്തായി ചാക്കോ :

,, കോടിയേരി ബാലകൃഷ്ണൻ :

,, ടി. പി. രാമകൃഷ്ണൻ :

,, വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) അശാസ്ത്രീയമായ മെറ്റീരിയൽ മാനേജ്മെന്റിന്റെ ഫലമായി ഇലക്ട്രിസിറ്റി ബോർഡ് നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ മെറ്റീരിയൽസ് വാങ്ങാതിരിക്കുകയും ആവശ്യമല്ലാത്തവ വാങ്ങിക്കൂട്ടുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മെറ്റീരിയൽസ് വാങ്ങുന്നത് സംബന്ധിച്ച് ഇപ്പോഴത്തെ നടപടിക്രമം വിശദമാക്കാമോ; ഇതിൽ എന്തെങ്കിലും ന്യൂനതകൾ ഉള്ളതായി കരുതുന്നുണ്ടോ;

(ഡി) ബോർഡിന്റെ ചില സെക്ഷൻ ഓഫീസുകളിൽ ആവശ്യത്തിലേറെ ഉപകരണങ്ങൾ കെട്ടിക്കിടക്കുന്നതും അതേസമയം അതേ ഉപകരണം ഇല്ലാത്തതിനാൽ മറ്റ് സ്ഥലങ്ങളിൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാതിരിക്കുന്നതുമായ സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ,

(എ) ശാസ്ത്രീയമായ മെറ്റീരിയൽ മാനേജ്മെന്റ് സംവിധാനമാണ് വിദ്യുച്ഛക്തി ബോർഡിൽ നിലവിലുള്ളതെങ്കിലും അത് നടപ്പാക്കുന്നതിൽ ചിലയിടങ്ങളിൽ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സ്ഥിതിവിശേഷം പരിഹരിച്ചിട്ടുണ്ട്.

(സി) സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുശാസിക്കുന്ന നടപടിക്രമം അനുസരിച്ചാണ് ബോർഡിൽ സാധനങ്ങൾ വാങ്ങുന്നത്. ഇതിനായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ, ചീഫ് എഞ്ചിനീയർമാർ, പർച്ചേസ് കമ്മിറ്റി ഫുൾ ബോർഡ് എന്നീ തലങ്ങളിൽ അധികാരം നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച നടപടിക്രമങ്ങളിൽ ന്യൂനത ഉള്ളതായി കരുതുന്നില്ല.

(ഡി) ഇപ്രകാരം ഗുരുതരമായ സ്ഥിതിവിശേഷം സാധാരണയായി ഉണ്ടാകാറില്ല. ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. മത്തായി ചാക്കോ: സർ, Electricity Board ന്റെ Material Management utter failure ആണ് എന്ന് വൈദ്യുതി മന്ത്രി ആയിട്ടുള്ള അങ്ങ് പി.യു.സി. യുടെ ചെയർമാൻ ആയിരുന്നപ്പോൾ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഈ material management മോശം ആണെന്നതിന് തെളിവ് കഴിഞ്ഞ നിയമസഭയിൽ നിലവിലുള്ള 15 ലക്ഷം മെക്കാനിക്കൽ മീറ്ററുകൾ മാറ്റുന്നതു സംബന്ധിച്ച് ചർച്ച നടന്നു. ബോർഡിൽ ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ശ്രമം നടത്തി. അതിനെ സംബന്ധിച്ച ആക്ഷേപങ്ങൾ വന്നു. 2.1 കോടി രൂപ കമ്മീഷൻ വാങ്ങി എന്നത് ഈ നിയമസഭയിൽ വന്നതാണ്. അതിന് എന്തെങ്കിലും വ്യത്യാസം ഉണ്ടെങ്കിൽ അങ്ങ് പറഞ്ഞാൽ മതി. ഇവിടെ പ്രശ്നം അതല്ല. കഴിഞ്ഞ ജൂലായ് 13-ാം തീയതി ഇലക്ട്രോണിക് മീറ്റർ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. കൃത്യതയും സ്ഥിരതയുമില്ലാത്തത് എന്ന് വിലയിരുത്തപ്പെട്ടിട്ടുള്ളതും ഗുണനിലവാരം ഉണ്ടോ ഇല്ലയോ എന്ന് പരിശോധന നടത്താത്തതുമായ ദില്ലിയിലെ എലിമർ എന്ന സ്വകാര്യ കമ്പനിയിൽ നിന്ന് 7 ലക്ഷം ഇലക്ട്രോണിക് മീറ്റർ വാങ്ങുന്നതിനുള്ള കരാറിൽ ഇലക്ട്രിസിറ്റി ബോർഡ് ഏർപ്പെട്ടിട്ടുണ്ടോ; അതുകൂടാതെ 10 ലക്ഷം മീറ്റർ കൂടി വാങ്ങുന്നതിത്തിനുവേണ്ടിയുള്ള ചർച്ച നടക്കുന്നുണ്ടോ എന്നുള്ള കാര്യം അങ്ങ് വ്യക്തമാക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇലക്ട്രിസിറ്റി ബോർഡിൽ എന്തെല്ലാം പർച്ചേസ് നടത്തിയാലും അതെല്ലാം സ്റ്റോർ പർച്ചേസ് റൂൾസ് അനുസരിച്ചാണ്. ചെയ്യുന്നത്. ഏറ്റവും വലിയ കോൺട്രാക്റ്റ് ആണെങ്കിൽ അതിന് Prequalification

LIBRARY ARCHIVES Kerala Legislative Assembly

Tender വിളിക്കും. പിന്നെ Financial Bid ഉണ്ട്. അത് രണ്ടും കൂടി നോക്കും. അതല്ലാതാണെങ്കിൽ മറിച്ചും വരും. എലിമർ കമ്പനിയെ സംബന്ധിച്ചിടത്തോളം അവർ ടെൻഡർ നൽകി, അവർ ആയിരുന്നു lowest; അവർ തന്നത് 201 രൂപയ്ക്കാണ്. ഇതേ സാധനം ഈ സംസ്ഥാനത്ത് ആരുടെ കാലത്ത് എന്നു ഞാൻ പറയുന്നില്ല, തൊള്ളായിരത്തിൽ ചിലാനം രൂപയ്ക്ക് വാങ്ങിയിട്ടുണ്ട് എന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കണം. ഇതിൽ അഴിമതി ഉണ്ടെങ്കിൽ അതിൽ എത്രമാത്രം ഉണ്ടാവും. ഇതിൽ ഇല്ല. അതിൽ ഉണ്ട് എന്നു ഞാൻ പറയുന്നില്ല, അത് ആരുടെ കാലത്ത് എന്നും ഞാൻ പറയുന്നില്ല. ഇന്ററസ്റ്റഡ് പാർട്ടീസ് സാധാരണ അതു പറഞ്ഞുകാണും. ഇന്ററസ്റ്റഡ് പാർട്ടീസ് എന്നുപറഞ്ഞാൽ ഒരു ടെൻഡറിൽ പങ്കെടുത്തിട്ട് കിട്ടാത്തവർ പല കഥകളും പറയാറുണ്ട്. അതായേ ഇതിനെ കണക്കാക്കാവൂ അതല്ലാതെ എനിക്ക് ഇതിനെക്കുറിച്ചൊന്നും പറയാൻ സാധിക്കില്ല. ഇതിന്റെ ലോവസ്റ്റ് ടെണ്ടർറേറ്റ് 201 രൂപയാണ്. ഇതിനുമുൻപ് 212 രൂപ ആയിരുന്നു. അതിനുമുമ്പ് മുന്നൂറ്റിചില്വാനം രൂപ ആയിരുന്നു. അതിനുമുൻപ് അങ്ങേയ്ക്കറിയാം, ഇത് അറുനൂറ്റിചില്വാനവും തൊള്ളായിരത്തി ചില്വാനവുമായിരുന്നു. അതിലേക്കു ഞാൻ കടക്കുന്നില്ല. അതൊക്കെ അഴിമതി ആയിരുന്നു എന്ന് ഞാൻ പറയുന്നില്ല; ഞാൻ വിശ്വസിക്കുന്നുമില്ല എന്നു മാത്രമേ എനിക്ക് പറയാനുള്ളു.

ശ്രീ. മത്തായി ചാക്കോ : സർ, കേരളത്തിൽ ഇലക്ട്രിസിറ്റി ബോർഡിൽ മുപ്പത്തിനാലായിരത്തോളം distribution Transformers ഉണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ലക്ഷക്കണക്കിന് ലിറ്റർ ഓയിൽ അവിടെ ഉപയോഗിക്കുന്നുണ്ട്. ഒരു ലിറ്റർ ഓയിലിന് അൻപത് രൂപ വില ആണ്. ഈ കമ്പനികളുമായി ട്രാൻസ്ഫോർമർ വാങ്ങുന്ന സമയത്ത് ഉണ്ടാക്കുന്ന കരാറിന്റെ ഭാഗമായി റിപ്പയറോ, ഓയിലിന്റെ എക്സ്ചേഞ്ചോ രണ്ടാമത് ഓയിൽ റീപ്രോസസിംഗോ ആ കരാറിന്റെ ഭാഗമായി ഉണ്ടാകാറുണ്ടോ; അങ്ങനെ ഉണ്ടാകാതിരിക്കുന്ന സാഹചര്യങ്ങളിൽ മറ്റു സംസ്ഥാനങ്ങളിൽനിന്ന് ഓയിൽ മാറുന്നതിനുവേണ്ടി സ്വകാര്യ കമ്പനികളുമായി ഏർപ്പാടുണ്ടാക്കി ഓയിൽ പ്രോസസിംഗിന്റെ ഭാഗമായിട്ടും ട്രാൻസ്ഫോർമർ റിപ്പയറിന്റെ ഭാഗമായിട്ടും ലക്ഷക്കണക്കിന് രൂപ ഇലക്ട്രിസിറ്റി ബോർഡിന് നഷ്ടപ്പെടുന്നുണ്ട് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഉണ്ടെങ്കിൽ ഞാൻ അത് പരിശോധിക്കാം. ഏതായാലും അങ്ങ് പറഞ്ഞത് ഈ ക്വസ്റ്റ്യനിൽ ഉന്നയിക്കുന്ന ചോദ്യം അല്ല. അങ്ങ് പറഞ്ഞതുകൊണ്ട് ഇത് ഞാൻ പൂർണ്ണമായി കണക്കിലെടുത്ത് അന്വേഷിക്കാം. നമ്മൾ ഒരു ടെൻഡർ ചെയ്യുന്ന സമയത്ത് കണ്ടീഷൻസ് പറയും. ആ കണ്ടീഷനിൽ അത് പറഞ്ഞാൽ മാത്രമേ നടക്കൂ. പറഞ്ഞിരുന്നെങ്കിൽ വില കൂടുതൽ വരുമായിരുന്നു. അത് കണ്ടീഷനിൽ പറഞ്ഞോ ഇല്ലയോ എന്നെനിക്കറിയില്ല. ഏതായാലും അങ്ങ് പറഞ്ഞതുകൊണ്ട് അത് മുഖവിലയ്ക്കെടുത്ത് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്. വല്ലതും തിരുത്തിക്കാൻ സാധിക്കുമെങ്കിൽ അത് തിരുത്താനും തയ്യാറാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇലക്ട്രിസിറ്റി ബോർഡിന് ധാരാളം മെറ്റീരിയൽസ് ആവശ്യമാണ്, ഇപ്പോൾത്തന്നെ ഗവൺമെന്റ് ബജറ്റിൽ പറഞ്ഞിരിക്കുന്നത് 5 ലക്ഷം പുതിയ കണക്ഷനുകൾ നൽകും. സബ് സ്റ്റേഷനുകൾ സ്ഥാപിക്കും എന്നൊക്കെയാണ്. ഇതൊക്കെ ചെയ്യണമെങ്കിൽ പൈസ വേണം. Regulatory

LIBRARY ARCHIVES Kerala Legislative Assembly

Commission മുൻപാകെ സമർപ്പിച്ച Revenue Requirement Statement-ൽ പറയുന്നു ഏകദേശം 500 കോടി രൂപ കമ്മി ഉണ്ടാകും; ഇത് നികത്തണമെങ്കിലും പൈസ വേണം എന്ന്. സംസ്ഥാന ഗവൺമെന്റ് ഇപ്പോൾത്തന്നെ പൈസ കൊടുക്കേണ്ടതായുണ്ട് ബജറ്റിൽ ഇതിനായിട്ട് ഒന്നുംതന്നെ ഇലക്ട്രിസിറ്റി ബോർഡ് കൊടുത്തായി കാണുന്നില്ല. ഇത് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, 2002-03-ലെ പുതിയ ആക്ട് അനുസരിച്ച് റവന്യൂ ഗ്യാപ് കുറയ്ക്കുന്നതിന് അതിന് തുല്യമായിട്ടുള്ള താരിഫ് ഇലക്ട്രിസിറ്റി ബോർഡിൽ നിജപ്പെടുത്താനുള്ള റൈറ്റ് റഗുലേറ്ററി കമ്മീഷനാണ് നൽകിയിരിക്കുന്നത്. ആ കമ്മീഷൻ തീരുമാനിച്ചാൽ നമുക്ക് മറ്റൊരു മാർഗ്ഗമില്ല. വെസ്റ്റ് ബംഗാളിൽ കമ്മീഷൻ തീരുമാനത്തിനെതിരെ ഹൈക്കോടതിയിൽ പോയി, വെസ്റ്റ് ബംഗാൾ ഗവൺമെന്റ് ജനങ്ങൾക്കുവേണ്ടിയാണ് പോയത് ഡൊമസ്റ്റിക് ആവശ്യത്തിന് എന്നു പറഞ്ഞുകൊണ്ട് പക്ഷേ ഹൈക്കോടതി അത് തള്ളി. സുപ്രീം കോടതിയിൽ പോയി; അതും തള്ളി. അവസാനം റഗുലേറ്ററി കമ്മീഷൻ പറയുന്നത് സ്വീകരിക്കേണ്ടി വന്നു. ഇവിടെയും അതാണ് സ്ഥിതി. ആന്റണി ഗവൺമെന്റിന്റെ കാലത്ത്, 2002-03 ൽ ആയിരത്തിയൊരുനൂറ്റിചിലാനം കോടി രൂപ ഗ്യാപ് നികത്താൻവേണ്ടി അതായത് താരിഫ് വർദ്ധിപ്പിക്കാതിരിക്കാൻവേണ്ടി നൽകി. 2000-01 ലോ, 99-2000 ലോ, 1998-1999- ലോ, 1997- 1998 ലോ നയാ പൈസാ സംസ്ഥാന സർക്കാർ ബോർഡിന് നൽകിയിട്ടില്ല. കഴിഞ്ഞ കുറേ വർഷങ്ങൾക്കുശേഷം ആന്റണി ഗവൺമെന്റാണ് 1100 കോടി രൂപ നൽകിയത്. 2003-04 വന്നപ്പോൾ റവന്യൂ ഗ്യാപ് കുറഞ്ഞു. അത് 556 കോടി രൂപ ആയി. അതും ആന്റണി ഗവൺമെന്റ് നൽകാൻ തയ്യാറായി 2004- 05-ൽ റഗുലേറ്ററി കമ്മീഷൻ വന്നപ്പോൾ അത് 296 കോടി രൂപ ആയി ചുരുങ്ങി. അത് പുതിയ ഗവൺമെന്റ് നൽകും എന്ന് പ്രതീക്ഷിക്കുന്നു. അതിൽ 200 കോടി രൂപ ഡ്യൂട്ടിയിൽ തന്നെയുണ്ട്. പിന്നെ 96 കോടിരൂപയേ വേണ്ടതുള്ളൂ. അത് കഴിഞ്ഞാൽ അടുത്ത വർഷം വരുമ്പോൾ റവന്യൂ ഗ്യാപ് ഇല്ലാതാക്കാൻ സാധിക്കും എന്നാണ് എന്റെ വിശ്വാസം. ഞാൻ ഒരു കാര്യം എടുത്തുപറയാം ഈ നിലയിൽ ഇലക്ട്രിസിറ്റി ബോർഡ് പോയാൽ രണ്ടുകൊല്ലം കൊണ്ട് ബോർഡ് ലാഭത്തിൽ പ്രവർത്തിക്കും എന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഇത് ഒരു വെള്ളാനയല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ സർവ്വീസ് കണക്ഷൻ നൽകുന്നതിന്റെ ബുദ്ധിമുട്ടിനെക്കുറിച്ച് ശ്രീ. പ്രതാപവർമ്മ തമ്പാന്റെ ചോദ്യത്തിന് 'സാധന സാമഗ്രികളുടെ കുറവാണ്' എന്ന് ഇവിടെ ഉത്തരം നൽകിയതായി കാണുന്നു. ലൈൻ വലിക്കണമെങ്കിൽ കമ്പി ഉണ്ടാകുമ്പോൾ മീറ്റർ ഉണ്ടാകില്ല, മീറ്റർ ഉണ്ടാകുമ്പോൾ പോസ്റ്റ് ഉണ്ടാകില്ല, പോസ്റ്റ് ഉണ്ടാകുമ്പോൾ ട്രാൻസ്ഫോർമർ ഉണ്ടാകില്ല. ഇങ്ങനെയുള്ള പലതരം പ്രശ്നങ്ങളുള്ളതുകൊണ്ടാണ് ഇലക്ട്രിസിറ്റി ബോർഡിന് ഉദ്ദേശിച്ചതുപോലെ കാര്യങ്ങൾ ചെയ്യാൻ സാധിക്കാത്തത്. അതിൽ പ്രധാനമായ പ്രശ്നം പോസ്റ്റിന്റെ അഭാവമാണ്. ഇപ്പോഴുള്ള ക്രമീകരണത്തിൽ എന്തെങ്കിലും മാറ്റം വരുത്തി ആവശ്യത്തിന് പോസ്റ്റ് വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? ഇപ്പോൾ പോസ്റ്റിന്റെ ക്ഷാമം നിലനിൽക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പോസ്റ്റിന്റെ ക്ഷാമം ഉണ്ടായിരുന്നു. നേരത്തെ ഒരു കൊല്ലത്തെ റിക്വയർമെന്റ് കണക്കാക്കിയാണ് ഓർഡർ കൊടുത്തിരുന്നത്. ഇപ്പോൾ അഞ്ച് കൊല്ലത്തെ റിക്വയർമെന്റ് കണക്കാക്കി ഓർഡർ കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് പോസ്റ്റിന്റെ ക്ഷാമം തീരും. അത് മുഴുവൻ ടെണ്ടർ ചെയ്തുകഴിഞ്ഞു. അതനുസരിച്ച് സപ്ലൈ ചെയ്യും. ഇനി അത് വാർത്തെടുത്ത് വരാനുള്ള താമസമേയുള്ളൂ. അതിനുള്ള നടപടിയായി കഴിഞ്ഞു. പിന്നെ കണ്ടക്ടറിന്റെ പ്രശ്നം, അത് 13 ഫാക്ടറികളാണ് ഉൽപ്പാദിപ്പിച്ചിരുന്നത്. പുറമേ നിന്നും വാങ്ങാനും വയ്യ. അവർ ഹൈക്കോടതിയിൽ കേസ് കൊടുത്തു. ഒരു കൊല്ലമായി കണ്ടക്ടർ കിട്ടുന്നില്ലായിരുന്നു. ഇപ്പോൾ ആ ഇഷ്യൂവും സെറ്റിൽ ചെയ്തു കഴിഞ്ഞു. അതും ടെണ്ടർ ചെയ്തു. അത് കിട്ടിക്കൊണ്ടിരിക്കുകയാണ്. ഇതായിരുന്നു മെറ്റീരിയൽസിൽ ഉണ്ടായിരുന്ന താമസം. അത് രണ്ടും പരിഹരിച്ചു കഴിഞ്ഞു. പക്ഷേ ഇപ്പോൾ പോസ്റ്റ് ഉണ്ടാക്കിക്കൊണ്ടുവരാനുള്ള ഒരു താമസം മാത്രമേയുള്ളൂ.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, വൈദ്യുതി മീറ്ററിന്റെ പ്രശ്നം ഒരു ഘട്ടത്തിൽ ഈ സഭയിൽ വളരെ വിശദമായ ചർച്ചയ്ക്ക് വന്നതാണ്. അതിന്റെ ഗുണനിലവാരവുമായി ബന്ധപ്പെട്ടുകൊണ്ട് അത് പരിഹരിക്കുന്നതിനു നടത്തിയ ശ്രമവും സ്വാഗതാർഹമാണ്. മെറ്റീരിയൽസ് വാങ്ങുന്ന സന്ദർഭത്തിൽ പൊതു മേഖലാസ്ഥാപനങ്ങൾക്ക് കൂടുതൽ മുൻഗണനയും പരിഗണനയും നൽകേണ്ടതുണ്ട് എന്നാണ് എന്റെ അഭിപ്രായം. ഗുണനിലവാരം ഉറപ്പു വരുത്തുക എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ്. അത്തരം അടിസ്ഥാനപരമായ ഒരു നിലപാട് സ്വീകരിക്കുമ്പോൾ തന്നെ ഇപ്പോൾ വാങ്ങിക്കൊണ്ടിരിക്കുന്ന മെറ്റീരിയൽസിന്റെ ഗുണനിലവാരവും ലോംഗ്ലൈഫും ഉറപ്പുവരുത്തുന്നതിന് എന്ത് ക്രമീകരണമാണ് വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ളത് എന്നതിനെ സംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : അതിന്റെ ഗുണനിലവാരം ഉറപ്പു വരുത്താനുള്ള എല്ലാ നടപടിയും സ്വീകരിച്ചുകഴിഞ്ഞു. അതിന്റെ പരിശോധനയും ടെസ്റ്റിംഗും എല്ലാം നടക്കുന്നുണ്ട്. പിന്നെ അങ്ങ് പറഞ്ഞ ആദ്യത്തെ ചോദ്യം പബ്ലിക് സെക്ടറിന്റെ കാര്യമാണ്. പബ്ലിക് സെക്ടറിൽ അത് ചെയ്യുന്നുണ്ട്. ഇപ്പോൾത്തന്നെ ആയിരത്തോളം മീറ്റർ 100 ദിവസംകൊണ്ട് വച്ചു കഴിഞ്ഞു. അത് മുഴുവനും പബ്ലിക് സെക്ടറിൽ നിന്നാണ് വാങ്ങിയത്. ഒരെണ്ണംപോലും വെളിയിൽ നിന്നും വാങ്ങിയില്ല. ടെൽക്കിൽ നിന്നാണ് കംപ്ലീറ്റും വാങ്ങിയത്. ഞങ്ങൾ ചിലതൊക്കെ അഡ്വൈർടൈസ് ചെയ്യും. അഡ്വൈർടൈസ് ചെയ്യുമ്പോൾ ലോവസ്റ്റ് കമ്പനിക്ക് കൊടുക്കും. ലോവസ്റ്റ് അല്ലെങ്കിൽ പോലും പബ്ലിക് സെക്ടറിന് അതിന്റെ വിഹിതം കൊടുക്കും. ടെണ്ടർ സിസ്റ്റത്തിന് എതിരായിട്ടുപോലും ഞങ്ങൾ അത് ചെയ്യുന്നു. യുണൈറ്റഡ് ഇലക്ട്രിക്കൽസ് പബ്ലിക് അണ്ടർ ടേക്കിംഗ് ആണ്. അവർക്ക് വില കൂടുതലാണ്. എന്നിട്ടും ആ ലോവസ്റ്റ് റേറ്റിന്റേത് കുറച്ച് അവർക്കും കൊടുത്തുവരുന്നു. പബ്ലിക് അണ്ടർ ടേക്കിംഗ്സിനെ അങ്ങനെ കംപ്ലീറ്റായിട്ട് തള്ളിക്കളയുന്ന മനോഭാവമില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, മെറ്റീരിയൽസിന്റെ കുറവ് കാരണം 1999 മുതൽക്കുള്ള വൈദ്യുതി കണക്ഷൻ ഉപഭോക്താക്കൾക്ക് കൊടുക്കാൻ ഇപ്പോഴും ബാക്കിയാണ്. ഉദാഹരണമായി പോരാമ്പ്രാ മേജർ സെക്ഷൻ. ഇപ്പോൾ ഗവൺമെന്റ്

ഇറക്കിയിട്ടുള്ള ഉത്തരവിന്റെയടിസ്ഥാനത്തിൽ പൂർണ്ണമായും വൈദ്യുതി കണക്ഷൻ കൊടുക്കണമെങ്കിൽ ചുരുങ്ങിയത് രണ്ടായിരം പോസ്റ്റ് എങ്കിലും വേണം. ഇപ്പോൾ നമുക്ക് ലഭിച്ചിട്ടുള്ളത് 30 പോസ്റ്റുകളാണ്. സമീപകാലത്ത് ഉദ്ഘാടനം ചെയ്തിട്ടുള്ള സബ് സ്റ്റേഷനുകളുടെ പൂർണ്ണമായ ഉപയോഗം നമുക്ക് ഉറപ്പു വരുത്താൻ കഴിയണമെങ്കിൽ ലൈൻ എക്സ്റ്റൻഷൻ വർക്ക് പൂർത്തീകരിക്കണം. അതിൽ പ്രധാനമായും നിൽക്കുന്നത് പോസ്റ്റിന്റേയും കമ്പിയുടേയും പ്രശ്നമാണ്. ഗവൺമെന്റ് ഇപ്പോൾ നൽകിയിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി കണക്ഷൻ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഉറപ്പ് ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : പോസ്റ്റിന്റേയും കൺഡക്ടറിന്റേയും കാര്യം ഞാൻ പറഞ്ഞു കഴിഞ്ഞു. 1999 എന്ന് പറഞ്ഞത് ശരിയാണ്. 2003 ഡിസംബർ മാസം 31 വരെയുള്ള പെന്റിംഗ് ആയ എല്ലാ ഒ.എച്ച്. കണക്ഷനും പോസ്റ്റ് ഇല്ലാത്ത കണക്ഷനും ഈ ഒരു വർഷംകൊണ്ട് നൽകും. 2004 ഡിസംബർ 31 വരെയുള്ള ഫിസിക്കലി ഹാൻഡിക്യാപ്ഡ് ആയിട്ടുള്ളവരുടെ മുഴുവൻ ആപ്ലിക്കേഷനും കണക്ഷൻ നൽകും. അതുപോലെ 2004 ഡിസംബർ 31-ന് മുൻപ് അപേക്ഷിച്ച എല്ലാ ബി.പി.എൽ ഫാമിലിക്കും ഈ ഗവൺമെന്റ് കണക്ഷൻ നൽകും. അതിനുള്ള നടപടികൾ എടുത്തു കഴിഞ്ഞു. അതിനുള്ള മെറ്റീരിയൽസ് അറേഞ്ച് ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, വൈദ്യുതി കണക്ഷൻ ആവശ്യമായ എല്ലാ ഉപഭോക്താക്കളും അതിന് ആവശ്യമായ മുഴുവൻ ചെലവും വൈദ്യുതി ബോർഡിന് നൽകണമെന്ന ഒരു വ്യവസ്ഥ ഗവൺമെന്റിന്റെ മുൻപാകെ വന്നിട്ടുണ്ട്. അങ്ങനെയെങ്കിൽ കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, കൃഷിക്കാർ തുടങ്ങിയവർക്കൊക്കെ വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകുന്ന ഒരു സംവിധാനമുണ്ടായിരുന്നു. അത് ഇല്ലാത്ത ഒരു അവസ്ഥയാണ് ഇപ്പോൾ സൃഷ്ടിച്ചിരിക്കുന്നത്. അത് പരിഹരിക്കാൻ ഗവൺമെന്റ് എന്ത് നിർദ്ദേശമാണ് വച്ചിട്ടുള്ളത്?

ശ്രീ. ആര്യാടൻ മുഹമ്മദ് : 2003-ലെ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥയാണ് അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചത്. അതേയവസരത്തിൽ സെക്ഷൻ (6) അനുസരിച്ച് വില്ലേജുകൾക്ക് കണക്ഷൻ നൽകാനുള്ള ബാദ്ധ്യത ഗവൺമെന്റുകൾക്കാണ്. അതിന്റെ അടിസ്ഥാനത്തിൽ സെൻട്രൽ ഗവൺമെന്റ് ഒരു പുതിയ പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നു. ആ പദ്ധതിയനുസരിച്ച് റൂറൽ ക്ലാരിഫിക്കേഷനുവേണ്ടി അവർ ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. അത് 90 ശതമാനം സബ്സിഡിയാണ്. മുന്നൂറ്റി ചിലാനം കോടിരൂപയുടെ പദ്ധതി നൽകിക്കഴിഞ്ഞു. ആ പദ്ധതി അംഗീകരിച്ചുകിട്ടുന്ന ഒരു സാഹചര്യം ഉണ്ടായിട്ടുണ്ട്. അതിൽ കേന്ദ്ര പവർ മന്ത്രി ശ്രീ. പി. എം. സെയ്ദ് വലിയ സഹായമാണ് കേരളത്തിനുവേണ്ടി നൽകിയിട്ടുള്ളത്.

ശ്രീ. വി.കെ. ചന്ദ്രൻ : സർ, സംസ്ഥാനത്ത് വൈദ്യുതി വിതരണത്തിന് ആവശ്യമായ മെറ്റീരിയൽസ് കേന്ദ്രീകൃതമായാണ് സംഭരിക്കപ്പെടുന്നത്. ഇപ്പോൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും ചീഫ് എഞ്ചിനീയർമാർക്കും പർച്ചേസ് നടത്താനുള്ള അധികാരം കൊടുത്തിട്ടുണ്ട്. അങ്ങനെ വരുമ്പോൾ ഓരോ ചീഫ്

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയർമാരുടേയും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടേയും പർച്ചേസ് അനുസരിച്ച് സാധനങ്ങളുടെ വിലയിൽ വ്യത്യാസം വരുന്നു. ഇത് ബോർഡിന് എത്രകണ്ട് ബാദ്ധ്യത വരുത്തുന്നുണ്ട്? ഇത് പരിഹരിക്കാൻ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇത് വാസ്തവത്തിൽ ഡിലേ ഒഴിവാക്കാൻവേണ്ടി ഗവൺമെന്റ് ബോധപൂർവ്വം ചെയ്തതാണ്. 15 ലക്ഷം രൂപവരെയുള്ള വർക്ക് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും 25 ലക്ഷം വരെയുള്ള വർക്ക് ചീഫ് എഞ്ചിനീയർമാർക്കും അറേഞ്ച് ചെയ്യാം. 25 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെയുള്ള വർക്ക് ചീഫ് എഞ്ചിനീയർമാർക്ക് ഫിനാൻസിംഗ് അഡ്വൈസറുടെ അനുവാദം വാങ്ങിക്കൊണ്ട് ചെയ്യാം. രണ്ടരക്കോടി രൂപ വരെ പർച്ചേസിംഗ് കമ്മിറ്റിക്ക് ചെയ്യാം. അതിന് മുകളിൽ വരുന്നതിന് ഫുൾ ബോർഡിൽ പോകണം. അങ്ങനെ ചെയ്തതുകൊണ്ടാണ് ഈ 100 ദിവസത്തെ പരിപാടി നടന്നത്. ഇത് ഡീ-സെൻട്രലൈസ് ചെയ്തു കൊടുത്തില്ലെങ്കിൽ ചെറിയ ചെറിയ സാധനങ്ങൾ ഇല്ല എന്ന് പറഞ്ഞ് കണക്ഷൻ കിട്ടാതെ വരും. അതുകൊണ്ടാണ് അവർക്ക് ലോക്കൽ പർച്ചേസ് നടത്താനുള്ള അനുവാദം ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി നൽകിയിട്ടുള്ളത്. അതുകൊണ്ട് കുറച്ചുകൂടി മെറ്റീരിയൽസ് കിട്ടുന്നു എന്നുള്ളതാണ് വസ്തുത.

ശ്രീ. വർക്കല കഹാർ: സർ, തൽസമയം ആവശ്യമില്ലാത്തതും സ്റ്റോക്ക് ഉള്ളതുമായ സാധനങ്ങൾ കഴിഞ്ഞ ഭരണകാലത്ത് വാങ്ങിക്കൂട്ടിയതിൽ അഴിമതി കാണുന്നില്ല എന്ന് മന്ത്രി പറഞ്ഞു, അങ്ങനെ ഇപ്പോൾ ബോർഡിന് ആവശ്യമില്ലാത്ത എത്ര തുകയ്ക്കുള്ള സാധനങ്ങൾ അവിടെ ഉണ്ട്, അത് എന്ത് ചെയ്യാൻ ഉദ്ദേശിക്കുകയാണ്?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതിൽ അഴിമതി ഉണ്ടെന്നും, ഇല്ലെന്നും ഞാൻ പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് എങ്ങനെയാണ് അത് മനസ്സിലായത്, അത് രണ്ടും ഞാൻ പറഞ്ഞിട്ടില്ല. പക്ഷെ ഒരു കാര്യം ഞാൻ പറയാം ഇടുക്കി പദ്ധതിയുടെ കാലഘട്ടം മുതൽ ഇങ്ങോട്ടുനോക്കിയാൽ സാധനങ്ങൾ ഇന്നും സ്റ്റോറിൽ ബാക്കി കിടക്കുന്നുണ്ട്. ആറ് കോടി രൂപയുടെ സ്റ്റീൽ പ്ലേറ്റ് കിടക്കുന്നുണ്ട്, ആയിരം ടണ്ണോളം കമ്പികൾ കിടക്കുന്നുണ്ട്, അതുപോലെ പല സാധനങ്ങളും ആ കാലം മുതലുള്ളത് കിടക്കുന്നുണ്ട്. ഇപ്പോൾ ബോർഡ് ചെയ്യുന്നത് നിലവിൽ സ്റ്റോറിലുള്ള സാധനങ്ങളുടെ കണക്കെടുത്ത് നമ്മൾ ഓർഡർ പ്ലേസ് ചെയ്തത് കിട്ടാൻ ബാക്കിയുണ്ടെങ്കിൽ അതുംകൂടി കണക്കിലെടുത്ത് നമ്മുടെ റിക്വയർമെന്റിൽ നിന്നും ഈ രണ്ടും മൈനസ് ചെയ്തതിനു ശേഷമാണ് പർച്ചേസ് ഓർഡർ കൊടുക്കുന്നത്. ഭാവിയിൽ വരാൻ സാദ്ധ്യതയില്ലാത്ത വിധത്തിലാണ് ചെയ്യുന്നത്.. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലുള്ള പർച്ചേസൊക്കെ ഒരു കാലത്ത് നടന്നിരുന്നു, ഇവിടെ ഇരുന്നുകൊണ്ട് ഏതുകാലത്താണെന്നൊന്നും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly